(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പിന്നോക്കം നിൽക്കുന്ന സ്കൂളുകളിലെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി പദ്ധതി

1 (2002) ശ്രീ. കെ. ബാബു :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പിന്നോക്കം നിൽക്കുന്ന സ്കൂളുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ പ്രത്യേക പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) കഴിഞ്ഞ അദ്ധ്യയനവർഷത്തിലെ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് ഈ വർഷം നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നത് ;

(ഡി) സംസ്ഥാനത്തെ കൂടുതൽ വിദ്യാലയങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കണമെന്ന നിർദ്ദേശം ഈ അദ്ധ്യയന വർഷത്തിൽ പ്രാവർത്തിക മാക്കുന്നുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) അദ്ധ്യാപകർക്കു നൽകിയ തുടർ പരശീലനങ്ങൾ, ക്ലസ്റ്റർതല പരിശീലനങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട 107 സ്കൂളുകളിൽ നടപ്പിലാക്കിയ തീവ്രകർമ്മപരിപാടി(QEPR), തൽസ്ഥല പിന്തുണാസംവിധാനം (OSS) തുടങ്ങിയവ സ്കൂളുകളിലെ പഠനനിലവാരം മെച്ചപ്പെടുത്താൻ സഹായക മായിട്ടുണ്ട്. ഡി.പി.ഐ., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, സീമാറ്റ്, എസ്.എസ്.എ., എസ്.സി.ഇ.ആർ.ടി., എസ്.ഐ.ഇ.ടി. എന്നീ വിഭാഗങ്ങൾ ഒരു പൊതു പ്രവർത്തന കലണ്ടർ തയ്യാറാക്കി അദ്ധ്യാപക ശാക്തീകരണം നടപ്പിലാക്കിയിട്ടുണ്ട്. വ്യക്തമായ ആസൂത്രണത്തോടെ ക്ലസ്റ്റർതല പരിശീലനങ്ങൾ തുടർച്ചയായി നടപ്പിലാക്കി. ജില്ലകളിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാരും ഡയറ്റ് പ്രിൻസിപ്പൽമാരും ജില്ലാ പ്രോജക്ട് ആഫീസർമാരും എല്ലാ മാസവും കൂടിചേർന്ന് ജില്ലകളിൽ നടക്കേണ്ട പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിരിക്കുന്നു. ഇതുപോലെ തന്നെ ഓരോ മാസത്തെയും പ്രവർത്തനം വിലയിരുത്തി സംസ്ഥാനതല പ്രതിമാസ അവലോകനങ്ങളിൽ അവതരിപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനതല പരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്. അദ്ധ്യാപകർക്കുള്ള തൽസ്ഥല സഹായ പരിപാടി എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടത്തിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപക ഒഴിവുകൾ പരമാവധി നികത്തി പഠനം സുഗമമാക്കി. തെരഞ്ഞെടുക്കപ്പെട്ട 107 സ്കൂളുകളിൽ എല്ലാ വിഷയങ്ങൾക്കും അദ്ധ്യാപകരെ നിയമിച്ചു. ഈ സ്കൂളുകളിൽ പഠനക്കൂട്ടങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, കൗൺസിലിംഗ്, ലഘുഭക്ഷണം, ഒരുക്കം, സ്കൂൾതല കൃഷി, നാടകക്കളരി, തിരക്കഥാ ശില്പശാല എന്നീ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഇവയ്ക്ക് ഓരോ സ്കൂളിനും ധനസഹായം നൽകി.

(ബി) ഉണ്ട്.

(സി) നിലവിലുള്ള പദ്ധതികൾ ഈ വർഷവും കഴിഞ്ഞ വർഷത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പുനർ ആസൂത്രണം നടത്തി നടപ്പാക്കി വരുന്നു.

(ഡി) ഈ അദ്ധ്യയനവർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല.

സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ

2 (2003) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി പാഠ്യപദ്ധതി, പഠന രീതി, പാഠപുസ്തകം, മൂല്യനിർണ്ണയം എന്നിവയിൽ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് വരുത്തിയിട്ടുള്ളത് ;

(ബി) ഉയർന്ന കഴിവുകളുള്ള കുട്ടികളെ ഉയർത്തിക്കൊണ്ടുവരുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (NCF-2005) ഭാഗമായി കേരള പാഠ്യപദ്ധതി ചട്ടക്കൂട് (KCF 2007) തയ്യാറാക്കി. ഇതനുസരിച്ച് സാമൂഹ്യ ഇടപെടലിലൂടെയുള്ള അറിവ് നിർമിതി (social constructivism), വിമർശനാത്മക ബോധന ശാസ്ത്രം (Critical pedagogy) എന്നീ സിദ്ധാന്തങ്ങളുടെ അടിത്തറയിൽ പാഠ്യപദ്ധതി പരിഷ്ക്കരിച്ചു. പാഠപുസ്തകം, പഠനരീതി ക്ലാസ്റൂം പ്രക്രിയ എന്നിവയിൽ കാതലായ മാറ്റങ്ങൾ വരുത്തി.

കെ.സി.എഫ്. -2007-ന്റെ അടിസ്ഥാനത്തിൽ 1 മുതൽ 10 വരെയുള്ള പാഠപുസ്തകങ്ങൾ, അധ്യാപക സഹായികൾ എന്നിവ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ഓരോ അദ്ധ്യയന വർഷവും എല്ലാ അധ്യാപകർക്കും കുറഞ്ഞത് 6 ദിവസത്തെ പരിശീലനം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly